# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3472.

11-12-2018 ൽ മറുപടിയ്ക്ക്

## കുട്ടനാട്ടിൽ നെൽകൃഷി

**ചോദ്യം**

ശ്രീ.കെ.സി.ജോസഫ്
,, അനിൽ അക്കര
,, അടൂർ പ്രകാശ്
,, അനൂപ് ജേക്കബ്

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കുട്ടനാട്ടിൽ നെൽകൃഷി അവസാനിപ്പിക്കാൻ ആലോചിക്കുന്നുണ്ടോ; | (എ) | ഇല്ല. |
| (ബി) | വൻ നഷ്ടത്തിലായ നെൽകൃഷി അവസാനിപ്പിച്ചുകൊണ്ട് കുടിവെള്ള പ്ലാന്റ് നിർമ്മിക്കണമെന്ന അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അഭിപ്രായത്തോട് വകുപ്പ് യോജിക്കുന്നുണ്ടോ; | (ബി) | ഇല്ല. |
| (സി) | കുട്ടനാട്ടിലെ നെൽകൃഷി പ്രകൃതിക്ക് അനുയോജ്യമല്ലാത്തതാണെന്ന് സർക്കാർ കണ്ടെത്തിയിട്ടുണ്ടോ; | (സി) | ഇല്ല. കേരളത്തിന്റെ പ്രധാനപ്പെട്ട നെല്ലറയാണ് കുട്ടനാട്. കാലാവസ്ഥയ്ക്കും പ്രകൃതിക്കും ആവാസവ്യവസ്ഥയ്ക്കും നീരൊഴുക്കിനും കോട്ടം തട്ടാത്ത തരത്തിലും ജൈവകൃഷി സമ്പ്രദായങ്ങളനുവർത്തിച്ചു കൊണ്ടുമാണ് കുട്ടനാട്ടിൽ നെൽകൃഷി നടപ്പിലാക്കി വരുന്നത്. മാത്രവുമല്ല കുട്ടനാട്ടിൽ നെൽകൃഷി കൂടുതൽ വ്യാപിപ്പിക്കാനാണ് കൃഷി വകുപ്പ് ഉദ്ദേശിക്കുന്നത്. പ്രളയത്തിനുശേഷം ഈ വർഷത്തെ പുഞ്ച കൃഷിയിൽ കഴിഞ്ഞ വർഷം പുഞ്ചകൃഷി ചെയ്തതിനേക്കാൾ 7000 ഹെക്ടർ എങ്കിലും അധികം കൃഷിയിറക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ഡി) | അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പ്രസ്തുത പരാമർശം ഏതെങ്കിലും പഠനത്തിന്റെ അടിസ്ഥാനത്തിലാണോ എന്ന് വ്യക്തമാക്കാമോ? | (ഡി) | ഇതു സംബന്ധിച്ച് സർക്കാരോ കാർഷികസർവ്വകലാശാലയോ ശാസ്ത്രീയ പഠനം നടത്തിയിട്ടില്ല. യാതൊരു ശാസ്ത്രീയ അടിസ്ഥാനവും ഈ പരാമർശത്തിനില്ല. |

സെക്ഷൻ ഓഫീസർ